കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തുവ്വൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറംജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ.എസ്.എ/എം.പി.എം.24/2586/2019

കേരള സംസ്ഥാന ഓഡിറ്റ

ജില്ലാ ഓഡിറ്റ് കാര്യാലയം (

തീയ്യതി: 04-

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

മലപ്പുറം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തുവ്വൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :തുവ്വൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തികവർഷത്തേ ഓഡിറ്റ് റിപ്പോർട്ട് –

–പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ( 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റി( കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ ( സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗ ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് ( തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ( ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബ ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഓൺലൈനായി എയിംസ് സോഫ്റ്റ്‌വെയർ മുഖേ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ( പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തത

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

എം.എ.12/19

നം:കെ.എസ്.എ.എം.പി.എം.24/2586/2019 തിയ്യതി: 04-12-2019

## മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓ( റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വ( 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഃ വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/07/2018 മുതൽ 16/10/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ

പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഒ പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാ നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഒ അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ല രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റി തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ആർ .അജിത്ത്,<br>ഡെപ്യൂട്ടിഡയറക്ടർ.(ഹയർ ഗ്രേഡ് ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2019മുതൽ 29.10.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.നസ്സീർ.ടി.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് സലീം .ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ |
| ശ്രീമതി.ഷംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.ബാല കൃഷ്ണൻ തെറ്റത്ത് | 01.04.2018മുതൽ31.03.2019വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.വിദ്യാധരൻ പിള്ള | 01.04.2018 മുതൽ 29.06.2018വരെ |
| 2.ശ്രീ.ഷാനീർ .കെ | 30.06.2018 മുതൽ 15.03.2019 വരെ |
| 3.ശ്രീ.സുധീർകുമാർ (ചാർജ്ജ് ) | 16.3.2019 മുതൽ 31.3.2019 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജോസ്.എം.പി | 01.04.2018മുതൽ19.06.2018വരെ |
| | ശ്രീ.സുബിൻ.എസ്.ജെ | 20.06.2018മുതൽ30.09.2018വരെ |
| | ശ്രീ.ദിനേഷ്.ടി.എം | 01.10.2018മുതൽ31.12.2018വരെ |
| | ശ്രീ.രാജൻ. എം.ജി | 01.01.2019മുതൽ13.03.2019വരെ |
| | ശ്രീ.സിനിമോൻ.സി.എച്ച് | 14.03.2019മുതൽ31.03.2019വരെ |
| 2.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശാന്തകുമാരി | 01.04.2018മുതൽ30.06.2018വരെ |
| | ശ്രീമതി.സലീനജോസഫ് | 01.07.2018മുതൽ31.03.2019വരെ |
| 3.വില്ലേജ്എക്സ്റ്റൻഷൻഓഫീസർ | 1.ശ്രീമതി.ദിവ്യ.ജി.എൻ | 01.04.2018മുതൽ31.03.2019വരെ |
| | 2.ശ്രീ.ഷറീഫ് അഹമ്മദ് | 01.04.2018മുതൽ31.03.2019വരെ |
| 4.മെഡിക്കൽഓഫീസർ(പി.എച്ച്.സി) | ഡോ.അബ്ദുൽ അസീസ് | 01.07.2018മുതൽ31.03.2019വരെ |
| | | |

| | | |
|---|---|---|
| 5.ഹെഡ് മാസ്റ്റർ | ശ്രീ.ജോസ് കുട്ടി | 01.04.2018മുതൽ31.03.2019വരെ |
| 6.വെറ്റിനറി സർജ്ജൻ | ഡോ.ലീന നായർ | 01.04.2018മുതൽ31.03.2019വരെ |
| 7.കൃഷി ഓഫീസർ | ശ്രീ.മുഹമ്മദ് സക്കീർ | 01.04.2018മുതൽ31.07.2018വരെ |
| | ശ്രീ.തോമസ്.ടി.ടി | 01.08.2018മുതൽ21.11.2018വരെ |
| | ശ്രീമതി.ബബിത.പി | 22.11.2018മുതൽ31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികകണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് അനനുവദിച്ചത് സംബന്ധിച്ച് |
| 3 | 1-3 | സാമ്പത്തിക വിശകലനം (R&P പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 5 | 1-5 | പദ്ധതി അവലോകനം. |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഗ്രാമ ജ്യോതി - അജൈവ മാലിന്യ സംസ്കരണ പദ്ധതി - തുടർ പ്രവർത്തനം കാര്യക്ഷമമാക്കണം |
| 13 | 1-13 | മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ – ചെലവ് രേഖകൾ ഹാജരാക്കണം |
| 14 | 1-14 | വൈദ്യുതി ചാർജ് , വെള്ളക്കരം സംയുക്ത പരിശോധന നടത്തണം |
| 15 | 1-15 | പുതിയ മേൽക്കൂര സ്ഥാപിക്കൽ (എസ്.സി)- പദ്ധതി പൂർത്തീകരിച്ചില്ല |
| 16 | 1-16 | കട്ടിൽ വിതരണം - ഇൻവോയ്സ്/വിതരണ രേഖകൾ പൊരുത്തപ്പെടുന്നില്ല |
| 17 | 1-17 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 18 | 1-18 | D&O ലൈസൻസ്-അപാകതകൾ |
| 19 | 1-19 | കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്. |
| 20 | 1-20 | മരാമത്ത് പ്രവർത്തി -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി-ഫൈൻ ഈടാക്കിയില്ല |
| 21 | 1-21 | ഇ-ടെൻണ്ടർ -ടെൻണ്ടർ ഫീ ലഭ്യമാക്കണം |
| 22 | 1-22 | 1.10.2018 മുതൽക്കുള്ള വർക്ക് ബില്ലുകൾക്ക് TDS ഈടാക്കി അടവാക്കാത്തത് സംബന്ധിച്ച് |
| 23 | 1-23 | കുടിവള്ള പദ്ധതികളു ടെ നിർവ്വഹണച്ചുമതല രേഖാമൂലം പരിപാലന കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല് |
| 24 | 1-24 | അസി.എൻജിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ -അപാകതകൾ |
| 25 | 1-25 | ഷോപ്പിങ് കോംപ്ലക്സ് വാടകയ്ക്കു നൽകൽ-ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല |
| 26 | 1-26 | രശീതി പുസ്തകങ്ങൾ അശ്രദ്ധമായി ഉപയോഗിക്കുന്നു |
| 27 | 1-27 | മെഡിക്കൽ ഓഫീസർ (P.H.C )നടപ്പിലാക്കിയ പദ്ധതിക ളിലെ അപാകതകൾ |
| 28 | 1-28 | സംയുക്ത പ്രൊജക്ടിന് തുക നൽകൽ -വിനിയോഗ വിവരം ലഭ്യമാക്കണം |
| 29 | 1-29 | കുടിവെള്ള പദ്ധതി-മോട്ടോറിന് അധികനിരക്ക് അനുവദിച്ചത് സംബന്ധിച്ച് |
| 30 | 1-30 | കൺവീനർ പ്രവർത്തി-വാറ്റ് കുറവ് ചെയ്യാതെ തുക അനുവദിച്ചു |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | | ഇല്ല |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 31 | 3-1 | കുടിവെള്ള പദ്ധതി-മോട്ടോറിന് അധികനിരക്ക് അനുവദിച്ചത് |

| | | |
|---|---|---|
| | | സംബന്ധിച്ച് |
| 32 | 3-2 | കൺവീനർ പ്രവർത്തി-വാറ്റ് കുറവ് ചെയ്യാതെ തുക അനുവദിച്ചു |
| 33 | 3-3 | 1.10.2018 മുതൽക്കുള്ള വർക്ക് ബില്ലുകൾക്ക് TDS ഈടാക്കി അടവാക്കാത്തത് സംബന്ധിച്ച് |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 35 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 38 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 39 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 40 | 4-7 | ഓഡിറ്റ് റിക്കവറി |
| 41 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 42 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 43 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 45 | Annexure 1 | Audit Certificate |
| 46 | അനുബന്ധം2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 47 | അനുബന്ധം3 | വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28.3.2018 തീയ്യതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.5.2019 | - | - |
| സർട്ടിഫിക്കറ്റ് അനുവദിച്ചതിൻെറ വിവരം | | കെ.എസ്.എ.എം.പി.എം (24)/1245/2019/22.8.2019 | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9866162 |
| വരവ് | 92111343 |
| ആകെ | 101977505 |
| ചെലവ് | 86181738 |
| നീക്കിയിരിപ്പ് | 15795767 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) | 0 | 17795990 | 17795990 | 17284347 | 511643 | 97% |
| വികസന ഫണ്ട്-(എസ്.സി.പി ) | 0 | 9734000 | 9734000 | 9734000 | 0 | 100% |
| വികസന ഫണ്ട്-(ടി.എസ്.പി ) | 0 | 218000 | 218000 | 216599 | 1401 | 99% |
| മെയിന്റനൻസ്ഗ്രാൻറ് (റോഡ് ) | 0 | 6944000 | 6944000 | 6944000 | 0 | 100% |
| മെയിന്റനൻസ് ഗ്രാൻറ് , (നോൺ-റോഡ് ) | 0 | 3648000 | 3648000 | 3645681 | 2139 | 99% |
| സി.എഫ്.സി | 0 | 826000 | 826000 | 826000 | 826000 | 100% |
| ട്രഷറി TSB | 0 | 16351651 | 16351651 | 10449636 | 5902015 | |
| PNB എസ്.എസ്.എ | 210639 | 7468 | 218107 | 0 | 218107 | |
| SMGB(പ്ലാൻ) | 823047 | 33992 | 857039 | 1534 | 0855505 | |
| SMGB(MNREGS) | 330058 | 415042 | 745100 | 730816 | 14284 | |
| TSB-3250(കുടിവെള്ളപദ്ധതി) | 90773 | 3177 | 93950 | 0 | 93950 | |
| MDC (ലോൺ അക്കൗണ്ട് ) | 174622 | 0 | 174622 | 0 | 174622 | |
| TSB (MN ലക്ഷം വീട് ) | 1136749 | 39786 | 1176535 | 0 | 1176535 | |
| SBTഅക്കൌണ്ട് | 2242810 | 1839121 | 4081931 | 170000 | 3911931 | |
| ജോയിൻറ് വെൻചർ | 0 | 5893071 | 5893071 | 5891671 | 1400 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 93408953 | 193 | 73539278 | 0 | 02 | 98% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 330058 | 415042 | 745100 | 730816 | 14284 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20596285 | 20596285 | 20596285 | 0 |
| ആകെ | 330058 | 21011327 | 21345385 | 21327101 | 14284 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 161640 | 119 |
| കർഷകതൊഴിലാളി പെൻഷൻ | 3750600 | 290 |
| വിധവാപെൻഷൻ | 16834400 | 1420 |
| വാർദ്ധക്യകാലപെൻഷൻ | 16707600 | 1539 |
| വികലാംഗപെൻഷൻ | 4711100 | 374 |
| 50 വയസ്സിന് മുകളിലുള്ള അവിവഹിതരായിട്ടുള്ള സ്ത്രീകൾക്ക് പെൻഷൻ | 780000 | 26 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2( സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8761 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ,പോൾടീഫാം ,ഉൾപ്പെടെ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2. ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല

3) ഷോപ്പിംഗ് കോംപ്ലക്സിൻെറ വാടക രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

4) നിർവ്വഹണോദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5).മാലിന്യസംസ്കരണത്തിൻെറ തുടർ പ്രവർത്തികൾക്ക് തുക വകയിരുത്തിയിട്ടില്ല

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.2019 | 01.8.2019-31.8.2019 | 26.9.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-03-2006 | 1997-98 - -2006-07 | 20-06-2007 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)മൂന്ന വർഷത്തിലധികമായ നിരവധി നിക്ഷേപങ്ങൾ ഉണ്ടെങ്കിലും,ആയവ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ആവ( നടപടികൾ സ്വീകരിച്ചിട്ടില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് നൽകിയതായി ബി 18 ൽ താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. ( പരിശോധിയ്ക്കുനായി അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

| ഇനം | തുക |
|---|---|
| Temporary Advance for Official Purposes | 4,72,470 |
| Advance to Impementing Agencies -Deposit with K W A | 62,000 |
| Advance to Impementing Officers | 61,999 |

3) 2017- 18 വർഷത്തെ വാർഷികകണക്കിലെ മുഴവൻ അപാകതകളും പരിഹരിച്ചിട്ടില്ല.

4)വസ്തു നികുതി കണക്കിൽ സഞ്ചയ സോഫ്റ്റ് വെയറിലും ,വാർഷിക കണക്കിലും, തുകകൾ പൊരുത്തപ്പെടുന്നില്ല വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുൻപുള്ള എല്ലാ ആസ്തിബാധ്യതകളുടെയും തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

6) ബിൽഡിംഗ് പെർമിറ്റ് റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 1,18,342 രൂപ വരവുണ്ടെങ്കിലും ര പരിശോധിയ്ക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്

## 1-12 ഗ്രാമ ജ്യോതി - അജൈവ മാലിന്യ സംസ്കരണ പദ്ധതി - തുടർ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2420/2017/തസ്വഭവ തിയ്യതി 15.07.2017 പ്രകാരമുള്ള ഹരിത കേരളം പദ്ധതിയിൽ ഉ ശുചിത്വ മാലിന്യ സംസ്കരണപ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ സംസ്കരണ രംഗത്ത് പുതിയൊരു കാൽവെപ്പ് ആശയവുമായിട്ടാണ് തുവ്വൂർ ഗ്രാമ പഞ്ചായത്തിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വേർതിച്ച് സംസ്കരിക്കുന്ന ഗ്രാമ എന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നത്. വീടുകളിൽ നിന്ന് വർഷത്തിൽ നാല് തവണ ഖര മാലിന്യങ്ങൾ ശേഖരിക്കുക, മാസ ഒരു തവണ കടകളിൽ നിന്ന് ശേഖരിക്കുക, യുവജന പങ്കാളിത്തത്തോടെ വർഷത്തിൽ ഒരിക്കൽ പഞ്ചായത്തിലെ റോഡു നിന്ന് മാലിന്യങ്ങൾ ശേഖരിക്കുക, യുവജന ക്ലബുകളെയും സന്നദ്ധ പ്രവർത്തക കൂട്ടായ്മകളെയും, വിദ്യാർഥിക പദ്ധതിയുമായി സഹകരിപ്പിച്ച് സമൂഹത്തിൽ മാലിന്യ സംസ്കരണത്തെ കുറിച്ച് ശക്തമായ അവബോധം സൃഷ എന്നിവയാണ് ഗ്രാമ ജ്യോതി – അജൈവ മാലിന്യ സംസ്കരണ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി 2018-19 ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2 പ്രോജക്റ്റുകളും നടപ്പിലാക്കിയിട്ടുണ്ട്. വ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിർമാർജ്ജനം – വീടുകൾക്ക് ബാഗ് നൽകൽ (പ്ര നമ്പർ 178) എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനു വികസന ഫണ്ട് 349995 രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വ നടത്തിയ പ്ലാസ്റ്റിക്ക് സംസ്കരണ യൂണിറ്റിനു വയേബിലിറ്റി ഗാപ് ഫണ്ട് നൽകൽ (പ്രൊജക്റ്റ് നമ്പർ 25) എന്ന പ്രൊജ നിർവ്വഹണത്തിനു 600000 രൂപയും ഗ്രാമജ്യോതി മാലിന്യസംസ്കരണ കേന്ദ്രത്തിനു വാടക നൽകൽ (പ്രൊജക്റ്റ് നമ്പ എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനു 120000 രൂപയും വികസന ഫണ്ടിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്.

ഭരണ സമിതിയുടെ 6.1.2018 ലെ 6/1 നമ്പർ തീരുമാന പ്രകാരം പ്രൊജക്റ്റ് യൂണിറ്റിന്റെ കോർഡിനേറ്ററായി ഹെഡ് ക്ലർ ചുമതലപ്പെടുത്താനും യൂണിറ്റിന്റെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റി കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെയും പേരിൽ ജോയന്റ് അക്കൗണ്ട് തുടങ്ങാനും തീരുമാനിച്ചു. യൂണിറ്റിന്റെ പ്രവർത്തന കുടുംബശ്രീ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത 17 അംഗ "ഹരിത കർമസേന" രൂപീകരിച്ചിട്ടുണ്ട്.

1.1.2018 മുതലുള്ള യൂണിറ്റിന്റെ വരവ് ചെലവു കണക്കുകൾ പ്രത്യേകം കാഷ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഗ്രാമീൺ ബാങ്കിൽ തുടങ്ങിയ 66793 നമ്പർ ജോയന്റ് അക്കൗണ്ട് വഴിയാണ് ഇടപാടുകൾ നടത്തുന്നത്. വീടുകളിൽ സ്ഥാപനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന യൂസർ ഫീ, സ്ക്രാപ് വിൽപ്പന എന്നിവ വഴിയാണ് യൂണിറ്റിന്റെ പ്രവർത്തനത്തിനു പണം സ്വരൂപിക്കാൻ കഴിയുന്നത് . കൂടാതെ 2018-19 സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 22/2018 ത. 14.02.2018 ഖണ്ഡിക 6.8. iii പ്രകാരം യൂസർ ഫീ സംവിധാനം ഉറയ്ക്കുന്നത് വരെ ചെറിയ തോതിൽ വയബിലിറ്റി ഗാപ് നൽകാവുന്നതാണ്.

യൂണിറ്റ് പ്രവർത്തനം തുടങ്ങിയ 1.1.2018 മുതൽ 31.3.2019 വരെയുള്ള വരവ് ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| യൂസർഫീ | 236005 | ശമ്പളം | 1100624 |
| ഗ്രാമദീപം ലോൺ | 15000 | ഷെഡ് വാടക | 100000 |
| സ്ക്രാപ് വിൽപ്പന | 153237 | മാലിന്യം ശേഖരിക്കുന്നതിനുള്ള വാഹന | 54075 |

| | | | |
|---|---|---|---|
| | | വാടക | |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 920000 | മാലിന്യം കയറ്റുമതി വാഹന വാടക | 19700 |
| | | മറ്റു ചെലവുകൾ | 48334 |
| | | ബാക്കി | 1509 |
| ആകെ | 1324242 | ആകെ | 1324242 |

നിലവിൽ കടകളിൽനിന്ന 50 രൂപ നിരക്കിലും വീടുകളിൽനിന്ന് 30 രൂപ നിരക്കിലുമാണ് യൂസർഫീ ശേഖരിക്കുന്നര നിരക്കിൽ യൂസർഫീ പിരിച്ച് കൊണ്ട് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയില്ല എന്ന് ഈ കണക്കുകളിൽ നിന്ന വ്യക്തമാണ

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166 -ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒ ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക എന്നത്. കൂടാതെ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേ റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉ നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്ര നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടു

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീ ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീ വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ഈ വസ്തുതകൾ പരിഗണിച്ച് യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ വരുമാനം വർദ്ധിപ്പിക്കാൻ പ്രായോഗികമായി സ്വീകരിക്കാവുന്ന പുതിയ വഴികൾ കണ്ടെത്തേണ്ടതാണ്.

## 1-13 മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ – ചെലവ് രേഖ ഹാജരാക്കണം

മഴക്കാലപൂർവ്വശുചീകരണപദ്ധതി നടപ്പിലാക്കുന്നതിനായി 21800176/19.6.18 പ്രകാരം 170000 രൂപ സെക്രട്ടറി, മെഡ ഓഫീസർക്ക് (ആരോഗ്യം) നൽകിയിട്ടുണ്ട്. ഈ തുക 10000 രൂപ വിതം വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് നൽകി വാർഡ്കളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായാണ് ചെലവഴിക്കുന്നത്. 16 വാർഡുകളിലെയും വാർഡ് സാനി കമ്മിറ്റികളുടെ കാഷ് ബുക്ക്, വൗച്ചർ എന്നിവ പരിശോധനക്ക് ഹാജറാക്കി. എന്നാൽ ഓഡിറ്റ് എൻക്വയറി നമ്പർ 19/20 നൽകി ആവശ്യപ്പെട്ടെങ്കിലും ഒരു വാർഡിലെയും ബാങ്ക് പാസ് ബുക്ക് ഹാജറാക്കിയില്ല. ഹാജറാക്കിയ കാഷ്ബു രേഖപ്പെടുത്തലുകൾ പണത്തിന്റെ ലഭ്യത, വിനിയോഗം, പ്രാരംഭ/ വർഷാന്ത്യ ബാക്കി എന്നിവ സംബന്ധിച്ച കൃത്യമായ നൽകുന്ന രീതിയിലല്ല. വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് ഗ്രാമ പഞ്ചായത്ത് വഴി നൽകുന്ന 10000 രൂപക്ക് പുറമെ തുടങ്ങിയ മറ്റു സോഴ്സുകളിൽനിന്നും ഫണ്ട് ലഭിക്കുന്നുണ്ട്. മുഴുവൻ വരവ് ചെലവ് കണക്കുകളും കൃത്യമായി രേഖപ്പെടുത്തി ബുക്ക്, പാസ് ബുക്ക്, വൗച്ചർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 1-14 വൈദ്യുതി ചാർജ് , വെള്ളക്കരം സംയുക്ത പരിശോധന നടത്ത

ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് നൽകുന്നതിനും വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പ

വെള്ളക്കരം അടവാക്കുന്നതിനുമായി മാസംതോറും വലിയ തുക ചെലവഴിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് താഴെ പ
അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്ത് നേരിട്ട് വൈദ്യുതി ചാർജ് അടയ്ക്കുന്ന ഓഫീസ് വൈദ്യുതി കണക്ഷനുകളുടെയും ലൈ ലൈറ്റുകളടക്കമുള്ള തെരുവ് വിളക്ക് വൈദ്യുതി കണക്ഷനുകളുടെയും വിവരങ്ങൾ കാലികമായി പരിഷ്കരിച്ച് റ തയ്യാറാക്കിയിട്ടില്ല.

2. നിലവിലുള്ള വാട്ടർ അതോറിറ്റി തെരുവ് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്ററിൽ 114 എണ്ണം ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഒ 25 എണ്ണം പ്രവർത്തിക്കുന്നുണ്ട് എന്നും 23എണ്ണം പ്രവർത്തിക്കുന്നില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ എന്ന് തയ്യാറാക്കിയതാണ് എന്നും വ്യക്തമല്ല. നിലവിൽ ഗ്രാമ പഞ്ചായത്ത് 78 ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നുണ്ട്.

3. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവ സംബന്ധിച്ച് ഏറ്റവും അവസാനമായി നടത്തിയ സംയുക്ത പരിശോധ വിവരം, പരിശോധന റിപ്പോർട്ട് എന്നിവ ഓഡിറ്റ് എൻക്വയറി നമ്പർ 1/18.10.19 പ്രകാരം ആവശ്യപ്പെട്ടെങ്കിലും പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല.ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകമായി സംയുക്ത പരിശോധന നടത്തി കൃ ഡിമാൻെറിൻെറ അടിസ്ഥാനത്തിൽ വെദ്യുത ചാർജ്ജ് ,വെള്ളക്കരം എന്നിവ അടവാക്കുന്നതിനു ( സ്വീകരിക്കേണ്ടതാണ്

# 1-15 പുതിയ മേൽക്കൂര സ്ഥാപിക്കൽ (എസ്.സി)- പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതി | പുതിയ മേൽക്കൂര സ്ഥാപിക്കൽ (എസ്.സി) (12/19) |
| നിർവഹണം | വി.ഇ.ഒ |
| ചെലവ് | 2160000/- (എസി.സി.പി) (ബിൽ നം-15/18-19/15.12.18) |

മേൽ പദ്ധതി പ്രകാരം പുതിയ മേൽക്കൂര സ്ഥാപിക്കുന്നതിനായി ഒരു യൂണിറ്റിന് 50000/- രൂപ നല്കാ ഉദ്ദേശിച്ചിരുന്നത്. എന്നാൽ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്വേഷന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീക ഗുണഭോക്താക്കൾക്ക് 50000/- രൂപയും , 7 ഗുണഭോക്താക്കൾക്ക് 30000/- രൂപയും വീതമാണ് നൽകിയിട്ടുള്ളത്. കൂടാതെ പദ്ധതി പ്രകാരം അഡ്വാൻസായി 25000/- രൂപ കൈപ്പറ്റിയ 4 ഗുണഭോക്താക്കൾ നാളിതുവരേയും നിർമ പൂർത്തീകരിച്ചിട്ടില്ല.

അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ കാര്യ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | അഡ്വാൻസ് കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|
| രാധ, വളരാട്ടുകുന്ന്, തുവ്വൂർ | 25000 | ബി.നം.14/18-19 -24.09.2018 |
| ഹരിദാസൻ.എം.കെ, തെക്കുംപുറം | 25000 | ബി.നം.16/18-19 -09.10.2018 |
| നാരായണി, വളരാട്ടുകുന്നുമ്മൽ | 25000 | ബി.നം.28/18-19 -23.12.2018 |
| കാളി, പുളർകോളനി | 25000 | ബി.നം.38/18-19 -27.02.2019 |

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അ പക്ഷം കൈപ്പറ്റിയ ധനസഹായം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

എത്രയും വേഗം പണി പൂർത്തീകരിക്കുന്നതിന് പണി പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് രേ കത്ത് നൽകിയിട്ടുണ്ടെന്നും 2019-20 വർഷത്തിലും വീഴ്ച വരുത്തുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണെന്നും അ സൂചിപ്പിച്ച് നൽകിയ 23/29.10.2019 നമ്പർ എൻക്വയറിക്ക് മറുപടി നൽകി.

## 1-16 കട്ടിൽ വിതരണം - ഇൻവോയ്സ്/വിതരണ രേഖകൾ പൊരുത്തപ്പെടുന്നില്ല.

| പദ്ധതി | ചെലവ് | ബിൽ നമ്പർ |
|---|---|---|
| വൃദ്ധർക്ക് കട്ടിൽ - ജനറൽ22/19 | 4,95,572 പ്ലാൻ ജനറൽ | 14/18-19 തിയതി. 31.12.2018 |
| വൃദ്ധർക്ക് കട്ടിൽ - എസ്.സി23/19 | 1,95,620 എസ്.സി.പി | 13/18-19 തിയതി. 31.12.2018 |

പദ്ധതികൾക്കായുള്ള കട്ടിൽ 4347.11 രൂപ (ടാക്സ് അടക്കം) നിരക്കിൽ സിഡ്കോ യിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. 2 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതികളുമായി ബന്ധപ്പെട്ട പരിശോധിച്ചതില് താഴെപ്പറയുന്ന അപാകത കാണുന്നു.

1. പദ്ധതികൾക്കായി വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. വിതരണ രേഖ മാത്രമാണ് പരിശോധനക്ക് ഹാജരാക്കി

2.. ഇൻവോയ്സ് പ്രകാരം ലഭ്യമായ കട്ടിലുകളുടെ എണ്ണം വിതരണ രേഖയുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചേർക്കുന്നു.

| പദ്ധതി | ഇൻവോയ്സ് | ഇൻവോയ്സ് പ്രകാരം വാങ്ങിയ എണ്ണം | വിതരണരേഖ പ്രകാരം |
|---|---|---|---|
| വൃദ്ധർക്ക് കട്ടിൽ - ജനറൽ22/19 | MJRI/18-19/0132 | 114 | 117 |
| വൃദ്ധർക്ക് കട്ടിൽ - എസ്.സി23/19 | MJRI/18-19/0131 | 45 | 44 |

സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഇൻവോയ്സ് പ്രകാരമുള്ളവ ലഭ്യമായിരുന്നു എന്ന് വ്യ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.4 കട്ടിലുകളുടെ വിതരണ രേഖ ഹാജരാക്കാത്തപക്ഷം ആയത് വില (4347.11x4 ) ഈടാക്കി അടവാക്കേണ്ടതാണ്

(എൻക്വയറി നമ്പർ 24/29.10.2019 മറുപടി ലഭിച്ചില്ല.)

## 1-17 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- പദ്ധതി നടത്തിപ്പിെ അപാകതകൾ

| പദ്ധതി | ചെലവ് | ബിൽ നമ്പർ |
|---|---|---|
| കറവപ്പശുക്കൾക്ക് കാലിത്തീറ്റ 101/19 | 400000/- പ്ലാൻ ഫണ്ട് ജനൽ<br>6500/- തനത് ഫണ്ട്<br>406500/- ഗുണഭോക്തൃ വിഹിതം | 2/18-19 തിയതി. 07.11.2018 - 1,01,000/-<br>4/18-19 തിയതി. 15.11.2018 - 2,02,000/-<br>7/18-19 തിയതി. 27.12.2018 - 97,000/- |

പഞ്ചായത്തിലെ 100 ക്ഷീര കർഷകർക്ക് മാസം തോറും 100 കി.ഗ്രാം കാലിത്തീറ്റ 50 ശതമാനം സബ്സിഡി യിൽ നാലുമാസത്തേക്ക് നൽകുന്നതിനും ഒരു ക്ഷീര കർഷകന് ഒരു മാസത്തേക്ക് 1050 രൂപ പ്രകാരം നാലുമാസത്തേക്ക് 4200/ സബ്സിഡി നൽകാനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. തീറ്റയുടെ പകുതി വില അല്ലെങ്കിൽ 1050 കഴിഞ്ഞുള്ള

ഗുണഭോക്താവ് വഹിക്കേണ്ടതും പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പണം അടച്ച് പെർമിറ്റ് പ്രകാരം തീറ്റ കൈപ്പറ്റേ കൈപ്പറ്റിയ പണവും പെർമിറ്റും ക്ഷീര സംഘം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതുമാണ്.

എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി നിർവഹണത്തിൽ താഴെപ്പറയുന്ന അ കാണുന്നു.

1. പദ്ധതിക്കായി തനത് ഫണ്ട് 6500/- രൂപയും പ്ലാൻ വിഹിതം 400000/-രൂപയും ഗുണഭോക്തൃ വിഹിതം 406 (സ്ഥാപനത്തിൽ അടവാക്കിയത്) രൂപയും അടക്കം 813000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ഇൻവോയ്സുകൾ പ്രകാരമുള്ള തുക കേരള ഫീഡ്സിന് കൈമാറിയതായാണ് കാണുന്നത്. എന്നാൽ ചെലവഴിച്ച തുകയുടെയും ഇൻവോയ്സുകൾ ഫയലിൽ ഇല്ല. 4,66,620/- രൂപയുടെ ഇൻവോയ്സുകൾ മാത്രമാണ് ഹാജരാക്കിയത്. ചെലവ് രേഖകളുംഇൻവോയ്സുകളും ഹാജരാക്കാത്തതിനാൽ സ്റ്റോക്ക് വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3..കാലിത്തീറ്റ വിതരണം ചെയ്ത രേഖകൾ ഹാജരാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്ക് സബ്സിഡി നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് എന്ന് കാണിച്ച് ന എൻക്വയറിക്ക്(എൻക്വയറി 25/29.102019) ന് മറുപടി ലഭിച്ചില്ല. 346380/- (813000 – 466620) തുക തടസ്സപ്പെടുത്തുന്നു.

## 1-18 D&O ലൈസൻസ്-അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്ര പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങ ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാന നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ മൂലധന നിക്ഷേപ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തിന് ചുമത്താവുന്നതാണ്. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രക പുതുക്കിയ നിരക്ക് 8.10.2018ലെ തീരുമാനം നമ്പർ 1 പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്. എങ്കിലും 16.11.2018 മുത പുതുക്കിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്( ഓഡിറ്റ് എൻക്വയറി നം.12/23.10.2019),നിശ്ചയിച്ച നിര ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ 2011, ചട്ടം 15 പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ ല ദിവസത്തിനകം രേഖാ മൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ അല്ലെങ്കിൽ 13 -ാം ചട്ടത്തിൽ സൂചിപ്പി കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും, ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിലെ അപേക്ഷകൾ പരിശോധിച്ചതിൽ, ഭൂരിപക്ഷം അപേക്ഷകളിലും ചട്ട പ്രക സമയ പരിധിക്കുള്ളിൽ പെർമിറ്റ് അനുവദിക്കുകയോ, അപാകതകൾ/ നിരസിക്കുന്ന വിവരം അപേക്ഷകനെ അറിയിക്കു ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്/ സൂചിക നമ്പർ | കെട്ടിട ഗണം | അപേക്ഷ ലഭിച്ച തിയ്യതി | പെർമിറ്റ് അനുവദിച്ച തി |
|---|---|---|---|---|
| 1 | അബ്ദുൽ റഷീദ്,S/O അബ്ദു,<br>2625/2018 | വാണിജ്യം | 06.06.2018 | 16.07.2018 |
| 2 | സലാം,S/O വീരാൻ<br>5139/18 | വാണിജ്യം | 31.10.2018 | 28.11.2018 |
| 3 | ജസ്സി, D/O മാത്യു തോമസ്.<br>352/2019 | കോഴി ഫാം | 24.01.2019 | 20.06.2019 |

| | | | | |
|---|---|---|---|---|
| 4 | സുരേഷ്ബാബു,<br>നീലാഞ്ചേരി<br>2598/18 | വാണിജ്യം | 5.06.2018 | 6.08.2018 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.13/23.10.2019ന് മറുപടിയായി മറ്റ് ഓഫീസുകളിൽ നിന്നും ലഭ്യമാ ഫയലുകൾ ബോർഡ് തീരുമാനം എന്നിവ വൈകുന്നതു മൂലമാണ് പെർമിറ്റ് അനുവദിക്കുന്നതിന് കാല താമസം നേരി എന്നറിയിച്ചിട്ടുണ്ട്, അപാകതകൾ സംബന്ധിച്ച വിവരം സമയ പരിധിക്കകം അപേക്ഷകനെ അറിയിക്കാൻ സ്വീകരിക്കേണ്ടതാണ്.

# 1-20 മരാമത്ത് പ്രവർത്തി -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി-ഫൈൻ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

